**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 385** **27-06-2022 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ നിയന്ത്രണത്തിന് ജനകീയ കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യുവാക്കളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവപൂർവ്വം കാണുന്നുണ്ടോ; | (എ) | എൻ.ഡി.പി.എസ് കേസ്സുകളുടെ എണ്ണത്തിലും, പിടിച്ചെടുക്കുന്ന ലഹരി ഉൽപ്പന്നങ്ങളുടെ അളവിലും വർദ്ധനവ് ഉള്ളതായി കാണുന്നു. ഇക്കാര്യം ഗൗരവപൂർവ്വം കാണുന്നുണ്ട്. |
| (ബി) | ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; | (ബി) | സ്വീകരിക്കും. |
| (സി) | സംസ്ഥാനത്ത് ലഹരി വസ്തുക്കൾ വ്യാപകമായി ലഭ്യമാകുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് ലഹരി വസ്തുക്കളുടെ നിയന്ത്രണത്തിനായി ഒരു ജനകീയ കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്ത് ലഹരി വസ്തുക്കൾ വ്യാപകമായി ലഭ്യമാകുന്ന സാഹചര്യം സംജാതമായിട്ടില്ല. എന്നാൽ കണ്ടെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയതിന്റെ ഫലമായാണ് പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്.<br><br>സമൂഹത്തിലെ ലഹരി ഉപയോഗം ഫലപ്രദമായി പ്രതിരോധിക്കുന്നതിന് സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലെ വാർഡുകളിൽ വാർഡ് മെമ്പർ, പൗരപ്രമുഖർ, കുടുംബശ്രീ പ്രവർത്തകർ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ, അംഗൻവാടി-ആശാ പ്രവർത്തകർ, എക്സൈസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ